പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 420 — 29.06.2015-ൽ മറുപടിയ്ക്ക്

## ചെറായി 110 KV സബ്സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച തടസ്സങ്ങൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) വൈപ്പിൻ മണ്ഡലത്തിലെ ചെറായി 110 KV സബ്സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച പരാതിയിന്മേൽ നിയമിതനായിരുന്ന അഡ്വക്കേറ്റ് കമ്മീഷൻ, റിപ്പോർട്ട് സമർപ്പിക്കാത്തത് മൂലം ദീർഘ നാളുകളായി പ്രസ്തുത പ്രവൃത്തി തടസ്സപ്പെട്ട് കിടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ദീർഘനാളുകളായി പ്രവൃത്തി തടസ്സപ്പെടുന്നതുമൂലം പൊതു ഖജനാവിനുണ്ടാകുന്ന നഷ്ടം, തീരദേശവാസികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ എന്നിവ കണക്കിലെടുത്ത് പ്രസ്തുത റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട കമ്മീഷനോട് ആവശ്യപ്പെടുവാൻ നടപടി സ്വീകരിക്കുമോ ;<br>(സി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ? | (ബി) & (സി) റിപ്പോർട്ട് സമർപ്പിക്കുന്നതിന് അഡ്വക്കേറ്റ് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുള്ള എല്ലാ വിവരങ്ങളും നേരിട്ടും രേഖാമൂലവും പരിശോധന സമയത്ത് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഭാഗത്തുനിന്നും സമർപ്പിച്ചിട്ടുള്ളതാണ്. ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ നിലവിലുണ്ടായിരുന്ന 3 റിട്ടു ഹർജികളിലെ 15-03-2013-ലെ ഹൈക്കോടതി നിർദ്ദേശ പ്രകാരമാണ് എറണാകുളം അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് നടപടി സ്വീകരിച്ചു വരുന്നതും ഇതിന്റെ ഭാഗമായി ലൈൻ റൂട്ടുകൾ സംബന്ധിച്ച് പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ അഡ്വക്കേറ്റ് കമ്മീഷനെ നിയോഗിച്ചിട്ടുള്ളതും നിയമ നടപടികളുടെ ഭാഗമായുള്ള കൃത്യനിർവ്വഹണം സംബന്ധിച്ച് അഡ്വക്കേറ്റ് കമ്മീഷന് നിർദ്ദേശം നൽകാൻ സർക്കാരിന് നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ.